I ഇ.ബി. XIV - കേരള നിയമസഭ /IX-10

# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 ഫെബ്രുവരി 06, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

<u>പ്രവാസി സമൂഹം നേരിടുന്ന പ്രതിസന്ധി</u>

<u>മി. സ്പീക്കർ</u>: ബഹു. പ്രതിപക്ഷ നേതാവ് ഈ സമ്മേളനത്തിൽത്തന്നെ ഈ വിഷയം സബ്മിഷനായി ഉന്നയിച്ചിട്ടുള്ളതും ബഹു. മുഖ്യമന്ത്രി വിശദമായി മറുപടി നൽകിയിട്ടുള്ളതുമാണ്. സഭയുടെ ചട്ടങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും വിരുദ്ധമായ നോട്ടീസാണിത്. ഇത്തരമൊരു സാഹചര്യം സൃഷ്ടിക്കുന്നത് ആശാസ്യമല്ല. എന്നാൽ പ്രതിപക്ഷത്തിന്റെ അവകാശം ചെയർ നിഷേധിക്കുന്നുമില്ല.

ശ്രീ. എസ്. ശർമ്മ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ വിഷയം ഉന്നയിച്ച അവസരത്തിൽ റൂൾ 285 പ്രകാരം ഞാൻ നോട്ടീസ് നൽകുകയും അതിന്മേൽ റൂളിംഗ് ആവശ്യപ്പെടുകയും ചെയ്തിരുന്നു. സഭയ്ക്ക് പുറത്തുള്ള വ്യക്തിയെക്കുറിച്ച് ആക്ഷേപം ഉന്നയിക്കുന്നത് ശരിയായ നടപടിയല്ല. ഒരു വിഷയം ഒന്നിലധികം പ്രാവശ്യം ഒരു സഭാകാലയളവിൽ ഉന്നയിക്കുന്നതും അതിന് അവതരണാനുമതി നൽകുന്നതും ചട്ടലംഘനമാണ്.

മി. സ്പീക്കർ: ശ്രീ.എസ്. ശർമ്മ നോട്ടീസ് നൽകിയ വിഷയം പരിശോധിച്ച് യുക്തമായ നടപടി സഭയെ അറിയിക്കുന്നതാണ്. അടിയന്തര പ്രമേയാവതരണത്തിനുള്ള പ്രതിപക്ഷത്തിന്റെ അവകാശം നിഷേധിക്കുന്നില്ല.

ഭരണകക്ഷിയിലെ പ്രമുഖരായ രണ്ട് എം.എൽ.എ. മാരുടെയും സി.പി.ഐ. (എം.) സംസ്ഥാന സെക്രട്ടറിയുടെയും അടുത്ത ബന്ധുക്കൾ ഇന്ത്യയ്ക്കകത്തും പുറത്തും നടത്തിയതായി പറയപ്പെടുന്ന തട്ടിപ്പുകൾമൂലം പ്രവാസി മലയാളി സമൂഹത്തിന്റെ വിശ്വാസ്യതയ്ക്കും അവരുടെ ജോലിക്കും മങ്ങലേൽപ്പിച്ചിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷവും ലോക കേരള സഭയുടെ പ്രവർത്തനത്തിനുണ്ടായി ക്കൊണ്ടിരിക്കുന്ന പ്രതിസന്ധിയും സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അനിൽ അക്കര, പി. ഉബൈദുള്ള, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ്

നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സഭയിലുന്നയിക്കാൻ പാടില്ലാത്ത കാര്യങ്ങൾ ബോധപൂർവ്വം പ്രതിപക്ഷം ഉന്നയിക്കാൻ ശ്രമിക്കുന്നത് ലോക കേരള സഭയെ അനാവശ്യമായ വിവാദങ്ങളിലേയ്ക്ക് കൊണ്ടുവരാനുള്ള ശ്രമത്തിന്റെ ഭാഗമായാണ്. ഈ വിഷയം പ്രതിപക്ഷനേതാവ് ഈ സമ്മേളനത്തിൽത്തന്നെ ഉന്നയിക്കുകയും വ്യക്തമായ മറുപടി നൽകുകയും ചെയ്തിട്ടുള്ളതാണ്. മാധ്യമ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇത്തരമൊരു വിഷയം അടിയന്തരപ്രമേയമായി സഭയിൽ ഉന്നയിക്കുന്നത് രാഷ്ട്രീയ മുതലെടുപ്പിനുള്ള ശ്രമമാണ്. സംസ്ഥാന സർക്കാരുമായി ബന്ധമില്ലാത്തൊരു കാര്യം സഭയിൽ ഉന്നയിച്ച് ചർച്ച ചെയ്യണമെന്ന ആവശ്യം അഭ്യൂഹങ്ങൾ പരത്താനുള്ള ശ്രമം മാത്രമാണ്. സി.പി.ഐ.(എം.) സംസ്ഥാന സെക്രട്ടറിയുടെ മകനുമായി ബന്ധപ്പെട്ട വിഷയത്തിന്മേൽ അവർ തന്നെ കാര്യങ്ങൾ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ ലോക കേരള സഭയെ ഇകഴ്ത്തിക്കാട്ടാനുള്ള പാഴ്വേലയാണ് അടിയന്തരപ്രമേയത്തിലൂടെ നടത്തിയിരിക്കുന്നത്. വിദേശ രാജ്യത്ത് നടന്ന സാമ്പത്തിക ഇടപാടുകളിന്മേൽ കേരളത്തിൽ യാതൊരു നടപടിയും സ്വീകരിക്കാൻ സാധിക്കുകയില്ല.

ശ്രീ. അനിൽ അക്കര: സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്ന അവസ്ഥയിലാണ് അഞ്ച് കോടിയോളം രൂപ ചെലവിൽ സർക്കാർ ലോക കേരള

സഭ സംഘടിപ്പിച്ചത്. ബഡ്ജറ്റിൽ ആവശ്യമായ ഫണ്ട് ഉൾപ്പെടുത്തിയ സാഹചര്യത്തിലാണ് ഇതിന്റെ നടത്തിപ്പിനുതന്നെ വിഘാതമായ രൂപത്തിലുള്ള വിവാദങ്ങൾ ഉണ്ടായിരിക്കുന്നത്. ഭരണകക്ഷിയിലെ പ്രമുഖരായ രണ്ട് എം.എൽ.എ.മാരുടെയും സി.പി.ഐ.(എം.) സംസ്ഥാന സെക്രട്ടറിയുടെയും അടുത്ത ബന്ധുക്കൾ ഇന്ത്യയ്ക്കകത്തും പുറത്തും നടത്തുന്ന തട്ടിപ്പുകൾ കണ്ടില്ലെന്ന് നടിക്കാൻ സാധിക്കുകയില്ല. ലോക കേരള സഭയുടെ മറവിൽ വ്യാപകമായ തട്ടിപ്പ് നടത്തുന്നതിനുള്ള ഗൂഢാലോചനയാണിത്. രാജ്യത്തിന് പുറത്ത് ഭീമമായ തട്ടിപ്പ് നടത്തിയ സ്ഥാപനത്തിന്റെ അംഗങ്ങൾ ആരൊക്കെയാണെന്ന് വ്യക്തമാക്കണം. ലോക കേരള സഭയുടെ മറവിൽ പാർട്ടി നേതാക്കളുടെ മക്കൾ നടത്തുന്ന പണം തട്ടിപ്പ് പ്രവാസി മലയാളികൾക്കിടയിൽ ആശങ്കയുണ്ടാക്കിയിരിക്കുന്ന സാഹചര്യത്തിൽ തുടർ നടത്തിപ്പിലുണ്ടായിട്ടുള്ള പ്രതിസന്ധിയെക്കുറിച്ചും പാർട്ടിനേതാക്കളുടെ പങ്കിനെക്കുറിച്ചും ചർച്ച ചെയ്യാൻ തയ്യാറാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സഭയിൽ ഉന്നയിക്കാൻ പാടില്ലാത്ത വിഷയം ഉന്നയിച്ചുകൊണ്ട് വ്യത്യസ്തമായൊരു അന്തരീക്ഷം ബോധപൂർവ്വം സൃഷ്ടിക്കാനും ലോക കേരള സഭയെ അനാവശ്യ വിവാദങ്ങളിലേയ്ക്ക് വലിച്ചിഴയ്ക്കാനുമുള്ള ശ്രമമാണ് പ്രതിപക്ഷം നടത്തിയിരിക്കുന്നത്. ലോക കേരള

സഭയുമായോ കേരള നിയമസഭയുമായോ യാതൊരു തരത്തിലും ബന്ധമില്ലാത്ത കാര്യങ്ങളാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. സി.പി.ഐ.(എം.) സംസ്ഥാന സെക്രട്ടറി യേയും പാർട്ടിയേയും അനാവശ്യ വിവാദങ്ങളിൽ ഉൾപ്പെടുത്തി ആക്ഷേപിക്കാനുള്ള ബോധപൂർവ്വമായ ശ്രമമാണ് നടത്തിയിരിക്കുന്നത്. ഇക്കാര്യത്തിൽ അവർ നിലപാടുകൾ വ്യക്തമാക്കിയിട്ടുണ്ട്. ബിസിനസ് മേഖലയിൽ വ്യവസായ സംരംഭകർ തമ്മിൽ സാമ്പത്തിക ഇടപാടുകൾ നടത്തുമ്പോഴുണ്ടാകാറുള്ള പ്രശ്നങ്ങളാണ് ഇക്കാര്യത്തിലും സംഭവിച്ചിട്ടുള്ളത്. കേരളത്തിൽ മാത്രമല്ല, ഇന്ത്യയുടെ ചരിത്രം പരിശോധിച്ചാൽത്തന്നെ വിവിധ രാഷ്ട്രീയ നേതാക്കൾക്കും മക്കൾക്കുമെതിരായി സമാന സ്വഭാവമുള്ള ധാരാളം കേസുകൾ ഉണ്ടായിട്ടുണ്ട്. അതൊക്കെ നിയമപരമായി കൈകാര്യം ചെയ്യുകയല്ലാതെ നിയമസഭയിലോ പാർലമെന്റിലോ ചർച്ച ചെയ്തിട്ടില്ലെന്നുള്ള വസ്തുത പ്രതിപക്ഷം ഓർക്കുന്നത് നന്നായിരിക്കും. നിയമസഭയിൽ പാലിക്കേണ്ട ചില മര്യാദകളുടെ ഭാഗമായിട്ടാണ് മുൻകാലങ്ങളിൽ പല കേസുകളിലുമുൾപ്പെട്ടവരെ സംബന്ധിച്ച് സഭയിൽ ആരും ചർച്ച ചെയ്യാൻ തയ്യാറാകാത്തത്. വിദേശ രാജ്യങ്ങളിൽ ബിസിനസ് നടത്തുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസുകളിൽ ആരെങ്കിലുമുൾപ്പെട്ടിട്ടുണ്ടെങ്കിൽ അത് സഭയുടെ വിഷയമല്ലാത്തതിനാൽ ഇവിടെ ചർച്ച ചെയ്യേണ്ട ആവശ്യമില്ല. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിനോ നിയമസഭയ്ക്കോ യാതൊന്നും ചെയ്യാനില്ല.

ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. രമേശ് ചെന്നിത്തല, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

<u>ശ്രീ. കെ. എം. മാണി</u>: അടിയന്തരപ്രമേയ വിഷയം വിദേശ കോടതിയുടെ പരിഗണനയിലുള്ളതായതിനാൽ സഭ ചർച്ച ചെയ്യേണ്ടതില്ല.

## II ശ്രദ്ധക്ഷണിക്കൽ

(1) <u>ശബരിമല ഭക്തർ നേരിടുന്ന ബുദ്ധിമുട്ടുകൾ</u>

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: ശബരിമല തീർത്ഥാടനകാലത്ത് സന്നിധാനത്ത് ഭക്തർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും അയ്യപ്പദർശനത്തിന് കൂടുതൽ സൗകര്യമൊരുക്കുന്നതിനും നടപടി സ്വീകരിക്കണം. അപ്പം, അരവണ എന്നിവയുടെ നിർമ്മാണവും വിതരണവും പമ്പയിലേയ്ക്ക് മാറ്റുകയും നെയ്യഭിഷേകത്തിന്റെ പ്രസാദം ഉടൻ ലഭ്യമാക്കുകയും

ചെയ്യണം. അനിയന്ത്രിതമായ തിരക്കുകൾ ഒഴിവാക്കി സന്നിധാനത്തിലെ മാലിന്യത്തോത് കുറയ്ക്കുന്നതിനും സർക്കാർ നിയോഗിച്ച സമിതിയുടെ നേതൃത്വത്തിൽ ഇക്കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): തീർത്ഥാടനകാലത്ത് ശബരിമലയിൽ വൻതിരക്കനുഭവപ്പെടുന്നുണ്ടെങ്കിലും എല്ലാ ഭക്തർക്കും ദർശനം ലഭിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ പോലീസും ദേവസ്വം ബോർഡും ചേർന്ന് ഒരുക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ദർശന സമയം വർദ്ധിപ്പിക്കുകയും മണ്ഡല മകരവിളക്കുകാലത്ത് വിവിധ വകുപ്പുകൾ സംയുക്തമായി ഭക്തർക്ക് പരമാവധി സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ശബരിമലയുടെ വികസനവുമായി ബന്ധപ്പെട്ട് നിരവധി പ്രോജക്ടുകൾ നടപ്പിലാക്കി വരികയാണ്. അപ്പം,അരവണ നിർമ്മാണം പമ്പയിലേയ്ക്ക് മാറ്റുന്നത് പ്രായോഗികമല്ല. പ്രസാദ വിതരണം കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഇതിനായി രൂപീകരിച്ച ഉപദേശക സമിതിയുടെ യോഗത്തിൽ പ്രകടിപ്പിച്ച അഭിപ്രായങ്ങൾകൂടി പരിഗണിച്ച് യുക്തമായ തീരുമാനങ്ങളെടുക്കാവുന്നതാണ്. മലിനീകരണ നിയന്ത്രണ നടപടികൾ

ത്വരിതഗതിയിൽ നടത്തുന്നുണ്ട്.

(2) വിശ്വകർമ്മജരുടെ പിന്നോക്കാവസ്ഥ

ശ്രീ. മോൻസ് ജോസഫ്: വിശ്വകർമ്മജരുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള വിവിധ സർക്കാർ പദ്ധതികൾ ന്യൂനതകൾ പരിഹരിച്ച് നടപ്പാക്കേണ്ടതാണ്. വിശ്വകർമ്മ വിഭാഗത്തെ ഇ.എസ്.ഐ.യുടെ പരിധിയിൽ കൊണ്ടുവരുന്നതിനും വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പെൺകുട്ടികൾക്ക് പ്രത്യേക സ്കോളർഷിപ്പ് ഏർപ്പെടുത്തുന്നതിനും തൊഴിൽ മേഖലയിൽ നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിന് വേണ്ടത്ര പരിശീലനം നൽകുന്നതിനും നടപടി സ്വീകരിക്കണം. വിശ്വകർമ്മ വിഭാഗത്തിന്റെ സാമൂഹിക സുരക്ഷ പരമാവധി വേഗത്തിൽ നടപ്പാക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഡോ. പി. എൻ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ സംബന്ധിച്ച് വിവിധ വകുപ്പുകളുടെ അഭിപ്രായം പരിഗണിച്ചതിനുശേഷമേ അന്തിമ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. മറ്റ് സാമൂഹ്യ പെൻഷനുകളൊന്നും ലഭിക്കാത്തതും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടതുമായ 60 വയസ്സുകഴിഞ്ഞ വിശ്വകർമ്മ വിഭാഗത്തിൽപ്പെടുന്ന വ്യക്തികൾക്ക് നൽകിവരുന്ന പെൻഷൻ 1100

രൂപയായും  പെൻഷൻ ലഭിക്കാനുള്ള വാർഷിക വരുമാന പരിധി  ഒരു ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.  ഉദ്യോഗ നിയമനങ്ങളിലുള്ള സംവരണത്തിനുപുറമെ പിന്നോക്ക  വികസന വകുപ്പ് മുഖേന നടപ്പാക്കിവരുന്ന  ഒ.ബി.സി. പോസ്റ്റ്-മെട്രിക്, പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ,  എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം, ഓവർസീസ് സ്കോളർഷിപ്പ് തുടങ്ങിയ പദ്ധതികൾ വിശ്വകർമ്മ വിഭാഗത്തിനും പ്രയോജനപ്പെടുത്താവുന്നതാണ്.  പരമ്പരാഗത   കരകൗശല  വിഭാഗങ്ങൾക്ക് പരമാവധി 25000 രൂപ വരെ  അനുവദിക്കുന്ന  നൈപുണ്യ വികസന പദ്ധതിയും ആധുനിക പണിയായുധങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതിയും   വിവാഹ ധനസഹായ വായ്പ,  വിദ്യാശ്രീ വായ്പ, ഭവന നിർമ്മാണ വായ്പ,  വാഹന വായ്പ,  ഭവന പുനർ നിർമ്മാണ വായ്പ,  മഹിളാ സമൃദ്ധി യോജന  എന്നിവയും നടപ്പിലാക്കി വരുന്നുണ്ട്. വിദേശത്ത്   പഠിക്കുന്നതിന് പരമാവധി 25 ലക്ഷം രൂപയും ഇന്ത്യയിൽ പഠിക്കുന്നതിന് 10 ലക്ഷം രൂപയും കുറഞ്ഞ പലിശനിരക്കിൽ വിദ്യാഭ്യാസ വായ്പയും നാട്ടിൽ മടങ്ങിയെത്തുന്ന പ്രവാസികൾക്ക്  3 ശതമാനം പലിശ നിരക്കിൽ പരമാവധി  20  ലക്ഷം  രൂപയും   വനിതകൾക്ക്  സ്വയം  തൊഴിൽ കണ്ടെത്തുന്നതിനുള്ള വായ്പയും അനുവദിക്കുന്നുണ്ട്.  വിശ്വകർമ്മ വിഭാഗങ്ങളെ ഇ.എസ്.ഐ.പെൻഷൻ  പദ്ധതിയിൽ  ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് തീരുമാനമെടുത്തിട്ടില്ല.  വാർഷിക വരുമാന പരിധി വർദ്ധിപ്പിച്ച സാഹചര്യത്തിൽ

പെൻഷന് അപേക്ഷിക്കേണ്ട  തീയതിയിൽ മാറ്റം വരുത്തുന്നതാണ്.

## III സബ്മിഷൻ

### (1) കരീപ്പുഴ ശ്രീകുമാറിന് നേരെയുണ്ടായ ആക്രമണം

ശ്രീ. മുല്ലക്കര രത്നാകരൻ: ശ്രീ. കരീപ്പുഴ ശ്രീകുമാറിന് നേരെയുണ്ടായ ആക്രമണത്തിൽ ഉത്തരവാദികളായവരുടെ പേരിൽ കർശന നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഇന്നലെ രാത്രി 9 മണിക്ക് ശ്രീ. കരീപ്പുഴ ശ്രീകുമാറിനെ വാഹനം തടഞ്ഞുനിർത്തി ഭീക്ഷണിപ്പെടുത്തിയതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് മെമ്പർ ഉൾപ്പെടെ ഒരു സംഘം ബി.ജെ.പി.-ആർ.എസ്.എസ്. പ്രവർത്തകരെ പ്രതികളാക്കി ഐ.പി.സി. വിവിധ വകുപ്പുകൾ പ്രകാരം കടയ്ക്കൽ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് 6 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അഭിപ്രായ സ്വാതന്ത്ര്യത്തിന് നേരെയുണ്ടാകുന്ന ആക്രമണങ്ങൾ ശക്തമായി അമർച്ച ചെയ്യുന്നതും ഉത്തരവാദികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതുമാണ്.

### (2) കുട്ടികളെ തട്ടിക്കൊണ്ടുപോകൽ

ഡോ. എം. കെ. മുനീർ: സംസ്ഥാന വ്യാപകമായി കുട്ടികളെ തട്ടിക്കൊണ്ടു പോകാൻ നടത്തുന്ന ശ്രമങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന മാഫിയാ സംഘം സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി അന്വേഷണത്തിൽ തെളിഞ്ഞിട്ടില്ല. ആലപ്പുഴ-പൂച്ചാക്കൽ പ്രദേശത്ത് കുട്ടിയെ തട്ടിക്കൊണ്ടുപോകാൻ നടത്തിയ ശ്രമത്തിൽ ആന്ധ്രാപ്രദേശ് സ്വദേശിയെ റിമാന്റ് ചെയ്യുകയും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയുമാണ്. കോഴിക്കോട്-കക്കോടി കടപ്പുറത്ത് കുട്ടിയുടെ കഴുത്തിൽനിന്ന് മാല തട്ടിയെടുക്കാനുള്ള ശ്രമത്തിനെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഭിക്ഷാടനത്തിനോ മറ്റേതെങ്കിലും തരത്തിലുള്ള കുറ്റകൃത്യം ചെയ്യുന്നതിനോ കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നത് തടയുന്നതിന് ക്രൈം ബ്രാഞ്ച് ഐ.ജി.-യുടെ നേതൃത്വത്തിൽ ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് സെൽ പ്രവർത്തിച്ചുവരുന്നു. കാണാതാകുന്ന കുട്ടികളെ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിന് കർമ്മ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന തരത്തിൽ ആശങ്കപ്പെടേണ്ട അവസ്ഥ നിലവിലില്ല. ഈ വിഷയത്തിൽ സർക്കാരും പോലീസ് സംവിധാനവും ഉണർന്നുപ്രവർത്തിക്കുന്നതോടൊപ്പം കൂടുതൽ ശക്തമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(3) ദേശീയ പാത

ശ്രീ. സി. കെ. ശശീന്ദ്രൻ: ദേശീയപാത 766-ലെ രാത്രി യാത്രാ നിരോധനം

പിൻവലിക്കുന്നതിനും, നഞ്ചങ്കോട്-വയനാട്-നിലമ്പൂർ റെയിൽപ്പാതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ബന്ദിപ്പൂർ വനമേഖലയിൽ രാത്രിയാത്ര നിരോധിച്ച കർണ്ണാടക ഹൈക്കോടതി ഉത്തരവിനെതിരെ സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത ഹർജിയിൽ പോലീസിന്റെയും വനം വകുപ്പിന്റെയും മേൽനോട്ടത്തിൽ കോൺവോയ് ആയി വാഹനങ്ങൾ കടത്തിവിടുക; നിലവിലെ പാത വികസിപ്പിച്ച് പകൽ സമയത്ത് കൂടുതൽ വാഹനങ്ങൾ കടത്തിവിടുക; ഇരട്ടവരിപ്പാത പണിയുക; വന്യജീവികൾക്ക് ഉപദ്രവമുണ്ടാകാതെ വാഹനമോടിക്കാൻ ഡ്രൈവർമാർക്ക് പരിശീലനം നൽകുക; തുടങ്ങിയ കാര്യങ്ങൾ പഠിച്ച് നിർദ്ദേശം സമർപ്പിക്കുന്നതിനായി വിദഗ്ദ്ധ സമിതിയെ നിയോഗിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. പ്രസ്തുത കേസിൽ സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവിൽ കേന്ദ്ര ഉപരിതല ഗതാഗത സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കേരള-കർണ്ണാടക-തമിഴ്നാട് സർക്കാരുകളുടെയും നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി ഉന്നതതല സമിതി രൂപീകരിക്കണമെന്നും മൂന്ന് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ഈ സമിതിയിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുകയും കർണ്ണാകയിലെ ബന്ധപ്പെട്ട

ഉദ്യോഗസ്ഥരുമായി ചർച്ച നടത്താൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ചീഫ് സെക്രട്ടറി തലത്തിലും ചർച്ചകൾ നടത്തുന്നതാണ്. നിർദ്ദിഷ്ട നിലമ്പൂർ-നഞ്ചൻകോട് റെയിൽവേ ലൈനിന്റെ നിർമ്മാണത്തിലുള്ള തടസ്സങ്ങൾ കണക്കിലെടുത്ത് കർണ്ണാടക അടിസ്ഥാന സൗകര്യ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് പരിസ്ഥിതി ലോല പ്രദേശങ്ങളെയും വന്യജീവി സംരക്ഷണ കേന്ദ്രങ്ങളെയും ദേശീയ ഉദ്യാനങ്ങളെയും ഒഴിവാക്കി പുതിയ അലൈൻമെന്റ് തയ്യാറാക്കുന്ന കാര്യം സംയുക്തമായി പരിശോധിച്ചുവരികയാണ്.

(4)ചർച്ച് ഓഫ് ഗോഡിന്റെ ആസ്ഥാനം

ശ്രീമതി വീണാ ജോർജ്ജ്: കുമ്പനാട് ചർച്ച് ഓഫ് ഗോഡിന്റെ ആസ്ഥാനം ആക്രമിക്കപ്പെട്ട സംഭവത്തിൽ നിയമ നടപടി സ്വീകരിക്കണമെന്നും സമൂഹത്തെ വർഗ്ഗീയവത്കരിക്കാനുള്ള ശ്രമങ്ങളെ ശക്തിയായി ചെറുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കുമ്പനാട് ചർച്ച് ഓഫ് ഗോഡിന്റെ ആസ്ഥാനം ആക്രമിക്കപ്പെട്ട സംഭവത്തിൽ പതിനൊന്ന് ബി.ജെ.പി. പ്രവർത്തകർക്കെതിരെ ഐ.പി.സി. വിവിധ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. പ്രതികളെ ഇതുവരെ അറസ്റ്റ്

ചെയ്യാത്തത് ഗൗരവമായി കാണണമെന്നും പ്രത്യേക ടീമിനെ നിയോഗിച്ച് കേസന്വേഷണം നടത്തണമെന്നും പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. മതസ്വാതന്ത്ര്യം ഹനിക്കുന്ന ഇത്തരം ചെയ്തികളെ ഒരുകാരണവശാലും സർക്കാർ പ്രോത്സാഹിപ്പിക്കുന്നതല്ല.

(5) വില്ലേജ് രേഖകളിലെ അപാകത

ശ്രീ. കെ. എം. മാണി: മീനച്ചിൽ താലൂക്കിലെ പൂവരണി വില്ലേജിലെ ബേസിക് ടാക്സ് രജിസ്റ്ററിൽ വന്നിട്ടുള്ള അപാകത പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): മീനച്ചിൽ താലൂക്കിലെ വിവിധ വില്ലേജുകളിലെ റീസർവ്വേ റെക്കോഡുകളിൽ ഭൂമിയുടെ തരം നിലം/പുരയിടം എന്നതിന് പകരം തോട്ടം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തോട്ടം എന്ന് രേഖപ്പെടുത്തിയ വസ്തുവിന്റെ ഈടിന്മേൽ ലോൺ കൊടുക്കാൻ ബാങ്കുകൾ വിസമ്മതിക്കുന്നതിനാൽ നിയമാനുസൃതം ഇത് തിരുത്തി നൽകണമെന്നാവശ്യപ്പെട്ട് ധാരാളം അപേക്ഷകൾ ലഭിക്കുന്നുണ്ട്. റീസർവ്വേ പൂർത്തിയാക്കി റെക്കോഡുകൾ റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ള വില്ലേജുകളിൽ ഭൂമി സംബന്ധമായി വന്നിട്ടുള്ള പരാതികളിലെ പിശക് പരിഹരിക്കാൻ വില്ലേജിലെ

എല്ലാ ഭൂരേഖാ തഹസീൽദാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(6) സേവന-വേതന വ്യവസ്ഥകൾ

ശ്രീ. സി. ദിവാകരൻ: ശമ്പള കമ്മീഷൻ ശിപാർശ അനുസരിച്ച് വില്ലേജ് ഓഫീസർമാരുടെ തസ്തിക പുനർ നാമകരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 19-01-2018-ലെ ധനകാര്യ വകുപ്പിന്റെ സർക്കുലറിൽ ശമ്പള സ്കെയിലും അലവൻസുകളും വർദ്ധിപ്പിക്കുന്നതിനും ഉയർന്ന അനുപാതത്തിൽ റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതിനും നൽകിയിട്ടുള്ള പരാതികളും ഭരണ വകുപ്പിന്റെ നിർദ്ദേശങ്ങളും അടുത്ത ശമ്പള പരിഷ്കരണ കമ്മീഷന്റെ പരിഗണനയ്ക്ക് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ വില്ലേജ് ഓഫീസർ തസ്തിക ജൂനിയർ സൂപ്രണ്ട് തസ്തികയ്ക്ക് സമാനമായി ഉയർത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. സാമ്പത്തിക ബാദ്ധ്യതകളൊന്നുമില്ലാത്തപക്ഷം വില്ലേജ് ഓഫീസർമാരുടെ തസ്തിക പുനർനാമകരണം ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്.

(7) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി

ശ്രീ. പാറക്കൽ അബ്ദുല്ല: വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ ആനുകൂല്യം എസ്.ബി.ടി.-യിൽ നിന്നും വായ്പയെടുത്ത വിദ്യാർത്ഥികൾക്കുകൂടി

ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): എസ്.ബി.ടി. നൽകിയതും റിലയൻസ് അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനിക്ക് കൈമാറിയതുമായ വിദ്യാഭ്യാസ വായ്പകൾ വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ പരിധിയിൽ വരാത്തതിനാലും ടി കമ്പനി ഒരു ബാങ്കിംഗ് ഇതര കമ്പനിയായതിനാലും പ്രസ്തുത വായ്പകൾക്ക് തിരിച്ചടവ് പദ്ധതിയുടെ സഹായം നൽകാൻ പ്രയാസമാണ്. ഇക്കാര്യത്തിൽ എന്തുചെയ്യാനാകുമെന്ന് സർക്കാർ പരിശോധിക്കുന്നതാണ്. എന്നാൽ എസ്.ബി.ടി.-യിൽ നിന്നും എടുത്തിട്ടുള്ളതും എസ്.ബി.ടി. ലയനത്തെ തുടർന്ന് എസ്.ബി.ഐ.-യിലേയ്ക്ക് മാറിയതുമായ വിദ്യാഭ്യാസ വായ്പകൾക്ക് ടി പദ്ധതി പ്രകാരം സഹായം ലഭിക്കുന്നതിന് തടസ്സമില്ല. നിലവിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ മുഴുവനും പ്രോസസ് ചെയ്തതിനുശേഷം മാത്രമേ പുതിയ വിഭാഗങ്ങളെ ഇതിൽ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ.

(8) മൃതസഞ്ജീവനി പദ്ധതി

ശ്രീ. വി. എസ്. ശിവകുമാർ: ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ മരണാനന്തര അവയവദാന പദ്ധതിയായ 'മൃതസഞ്ജീവനി' ഊർജ്ജിതമായി നടപ്പിലാക്കാനും തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ലിവർ ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റിന്റെ പ്രവർത്തനം പുനരാരംഭിക്കാനുമുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ 2012-ൽ മസ്തിഷ്ക മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് 'മൃതസഞ്ജീവനി' പദ്ധതി ആരംഭിച്ചത്. 1994-ലെ Transplantation of Human Organ Act പ്രകാരമാണ് ഇതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി കേന്ദ്രമാക്കി Kerala Network of Organ Sharing എന്ന സ്ഥാപനം പ്രവർത്തിച്ചു വരുന്നു. മരണം സംഭവിച്ച വ്യക്തിയുടെ ബന്ധുക്കളുടെ സമ്മതമാണ് ഇതിന് ഏറ്റവും പ്രധാനം. സർക്കാർ ഉത്തരവ് പ്രകാരം മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനുള്ള 4 ഡോക്ടർമാരുടെ പാനലിൽ രണ്ട് പേർ പുറത്തുള്ളവരും അതിലൊരാൾ നിർബന്ധമായും സർക്കാർ സർവ്വീസിലുള്ളതുമായിരിക്കണമെന്നും 6 മണിക്കൂർ ഇടവേളയിൽ നടത്തുന്ന രണ്ട് ആപ്നേയ ടെസ്റ്റുകളും വീഡിയോയിൽ പകർത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 2017-ൽ മസ്തിഷ്ക മരണാനന്തര അവയവദാനത്തിൽ കുറവുണ്ടായത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട ആശങ്കകൾ ദുരീകരിക്കാൻ KNOS നിരവധി ശിൽപ്പശാലകളും പരിശീലന പരിപാടികളും സംഘടിപ്പിക്കുകയും അവയവദാനം പ്രോത്സാഹിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. മസ്തിഷ്ക മരണ സ്ഥിരീകരണ പ്രക്രിയ ഏകോപിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനും

ജില്ലാതലത്തിൽ ഡെപ്യൂട്ടി ഡി.എം.ഒ.മാരെ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ഇതിനായി ഏകദേശം മൂന്നൂറോളം സർക്കാർ ഡോക്ടർമാർക്ക് പരിശീലനം നൽകി എംപാനൽ ചെയ്തിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വേണ്ടത്ര സജ്ജീകരണങ്ങൾ പൂർത്തിയാകാതെ നടത്തിയ ലിവർ ട്രാൻസ്പ്ലാന്റേഷൻ പരാജയപ്പെട്ടതിനാൽ അത്യാധുനിക സൗകര്യങ്ങൾ ലഭ്യമാക്കിയതിനുശേഷം മാത്രമേ ലിവർ ട്രാൻസ്പ്ലാന്റേഷൻ നടത്താൻ സാധിക്കുകയുള്ളൂ.

(9) <u>കാലടി സമാന്തര പാലത്തിന്റെ നിർമ്മാണം</u>

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ എം.എൽ.എ.യും നോട്ടീസ് നൽകിയിട്ടുണ്ട്)

<u>ശ്രീ. റോജി എം. ജോൺ:</u> അങ്കമാലി നിയോജകമണ്ഡലത്തിൽ എം.സി. റോഡിൽ പെരിയാറിന് കുറുകെ കാലടി സമാന്തര പാലം നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന കാലടി സമാന്തര പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. ജി. സുധാകരൻ):</u>

കാലടിയിൽ സമാന്തര പാലം പണിയുന്നതിന് ഭരണാനുമതി നൽകിയെങ്കിലും അലൈൻമെന്റ് നിരവധി തവണ മാറ്റേണ്ടി വന്നതുകൊണ്ട് നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചിട്ടില്ല. 600 മീറ്റർ നീളത്തിൽ മികച്ച സാങ്കേതിക വൈദഗ്ദ്ധ്യത്തോടുകൂടി നദിക്കു കുറുകെ 45 ഡിഗ്രി ചരിഞ്ഞാണ് പാലം നിർമ്മിക്കേണ്ടതെന്ന സാങ്കേതിക ബുദ്ധിമുട്ടും രൂപകൽപ്പനയിലെ സങ്കീർണ്ണതയുമാണ് കാലതാമസത്തിന് കാരണം. 2018 ഫെബ്രുവരി മാസം അവസാനത്തോടെ ഡിസൈൻ പൂർത്തിയാകുമെന്ന് വകുപ്പിൽ നിന്നും അറിയിച്ചിട്ടുണ്ട്. അപ്രോച്ച് റോഡിനുള്ള സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമെ പണി ആരംഭിക്കാൻ കഴിയുകയുള്ളൂ. പുതുക്കിയ അലൈൻമെന്റ് പ്രകാരം അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ടെണ്ടർ ചെയ്തു കഴിഞ്ഞു. കാലടി സമാന്തര പാലത്തിന്റെ നിർമ്മാണം പുരോഗതിയിലാണ്.

(10) <u>ആഭരണ തൊഴിലാളികളുടെ വിവിധ ആവശ്യങ്ങൾ</u>

<u>ശ്രീ. എസ്. ശർമ്മ:</u> ആഭരണ തൊഴിലാളികളുടെ ക്ഷേമനിധി സംരക്ഷിക്കുന്നതിനും മിനിമം വേതനം ലഭ്യമാക്കുന്നതിനും കൂലിയും തൊഴിലും ഉറപ്പു വരുത്തുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി.പി. രാമകൃഷ്ണൻ</u>): 2010-ൽ ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിൽ വന്നു. 10 ലക്ഷം

രൂപയിലധികം വാർഷിക വിറ്റുവരവുള്ള വ്യാപാരികളിൽ നിന്നും വിറ്റുവരവിന്റെ . 25 ശതമാനം തുക സെസ്സായി ഈടാക്കണമെന്നാണ് ക്ഷേമനിധി നിയമത്തിലെ വ്യവസ്ഥ. ഇതിനെതിര വ്യാപാരികൾ ഹൈക്കോടതിയെ സമീപിച്ച് സ്റ്റേ വാങ്ങിയതിനാൽ സെസ്സ് പിരിച്ചെടുക്കാൻ സാധിക്കാതെ വന്നു. ഇത് ക്ഷേമനിധി ബോർഡിന്റെ വരുമാനത്തെയും തൊഴിലാളികളുടെ ആനുകൂല്യങ്ങളെയും ദോഷകരമായി ബാധിച്ചു. വ്യാപാരി-തൊഴിലാളി പ്രതിനിധി യോഗത്തിൽ സെസ്സ് പിരിച്ചെടുക്കുന്നത് ആഭരണങ്ങളുടെ വിൽപ്പന ഘട്ടത്തിൽ മാത്രമായി പരിമിതപ്പെടുത്തണമെന്നും ഇത് 1 ശതമാനമായി കുറയ്ക്കണമെന്നും നിർദ്ദേശമുണ്ടായതിന്റെ അടിസ്ഥാനത്തിൽ നിയമത്തിൽ ഭേദഗതി വരുത്തുന്ന കാര്യം പരിശോധിച്ചു വരുന്നു. അർഹതപ്പെട്ട മുഴുവൻ തൊഴിലാളികൾക്കും പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. വിവാഹ ധനസഹായം, വിദ്യാഭ്യാസ ആനുകൂല്യം ഉൾപ്പെടെയുള്ളവ കുടിശ്ശികയില്ലാതെ വിതരണം ചെയ്തു വരുന്നു. സർക്കാർ ഉത്തരവു പ്രകാരം മിനിമം വേതനം പുതുക്കി നിശ്ചയിക്കുകയും ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് എൻഫോഴ്സ്മെന്റ് വിംഗ് ഉറപ്പു വരുത്തുകയും ചെയ്യുന്നു. ആഭരണ തൊഴിലാളികളുടെ തൊഴിലും കൂലിയും ഉറപ്പു വരുത്തുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

## (11) കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധി

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. പി. സി. ജോർജ് എം.എൽ.എ.യും നോട്ടീസ് നൽകിയിട്ടുണ്ട്)

ശ്രീ. എം. നൗഷാദ്: കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനും ലോൺ തിരിച്ചടയ്ക്കുന്നതിന് സാവകാശം ലഭ്യമാക്കാനും ജപ്തി നടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. പി. സി. ജോർജ്: കശുവണ്ടി വ്യവസായം നിലനിർത്താനും തൊഴിലാളികൾക്കായി ഒരു പാക്കേജുണ്ടാക്കാനും വ്യവസായികളെ സംരക്ഷിക്കാനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): ന്യായവിലയ്ക്ക് തോട്ടണ്ടി ലഭ്യമാകാത്തതും വിലവർദ്ധനവുമാണ് സ്വകാര്യ കശുവണ്ടി ഫാക്ടറികൾ പൂട്ടാനുള്ള പ്രധാന കാരണം. ടി ഫാക്ടറികൾ പ്രവർത്തനക്ഷമമാക്കുന്നതിനായി നിരവധി യോഗങ്ങൾ വിളിക്കുകയും ബാങ്ക് പ്രതിനിധികളെ ഉൾപ്പെടുത്തി ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിസന്ധിയിലകപ്പെട്ട വ്യവസായികൾക്ക് ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കാനാവശ്യമായ ധനസഹായം നൽകുമെന്നും പലിശയ്ക്ക് സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമെന്നും ധനകാര്യ

സ്ഥാപനങ്ങൾക്ക് സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ട്. ടെക്സ്റ്റൈൽ വ്യവസായത്തിന്റെ കാര്യത്തിൽ അഖിലേന്ത്യാതലത്തിൽ റിസർവ് ബാങ്ക് സ്വീകരിച്ച ഉദാര സമീപനം കശുവണ്ടി വ്യവസായത്തിലും സ്വീകരിക്കണമെന്നും അടഞ്ഞുകിടക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നും ബാങ്ക് പ്രതിനിധികളോട് സർക്കാർ ആവശ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ പുനരുദ്ധാരണ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി നൽകിയിട്ടുണ്ട്. പ്രൊപ്പോസലിന്മേൽ തീരുമാനമെടുക്കുന്നതുവരെ വ്യവസായികൾക്കെതിരെ നടപടി സ്വീകരിക്കരുതെന്ന് ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ മേഖലയിലെ പ്രതിസന്ധിക്ക് പരിഹാരം കാണാനായി സർക്കാർ കേരള കാഷ്യു ബോർഡ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സ്വകാര്യ ഫാക്ടറികളുടെ കപ്പാസിറ്റിയും മറ്റ് സൗകര്യങ്ങളും പരിശോധിച്ച് വായ്പ റീഷെഡ്യൂൾ ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ബാങ്കുകളുടെ ഇപ്പോഴത്തെ നിലപാടിൽ മാറ്റം വരുത്താനും വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കാനും വ്യവസായികൾക്ക് ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാനാവശ്യമായ സഹായം നൽകാനും നടപടി സ്വീകരിക്കുന്നതാണ്.

(12) <u>മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക്</u>

<u>ശ്രീ. എം. ഉമ്മർ</u>: മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക്കിന്റെ കെട്ടിട നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ വേഗത്തിലാക്കാനും കോളേജിന്റെ

അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക്കിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 1000 ലക്ഷം രൂപയും വർക്ക്ഷോപ്പ് മന്ദിര നിർമ്മാണത്തിനായി നബാർഡിന്റെ ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി 220 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പ്രധാന മന്ദിരത്തിന്റെ സ്കെച്ച് സ്ഥാപന മേധാവി അംഗീകരിച്ച് പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. നിലവിലെ കെട്ടിടത്തിന്റെ താൽക്കാലിക നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2017-18-ൽ 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പഠനോപകരണങ്ങൾ വാങ്ങുന്നതിന് 29.68 ലക്ഷം രൂപയും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങൾക്കുമായി 41.6 ലക്ഷം രൂപയും ഫർണിച്ചറിന് 6.10 ലക്ഷം രൂപയും ലൈബ്രറിയ്ക്ക് 80,000/-രൂപയും അനുവദിച്ചിട്ടുണ്ട്. ആകെ 1338 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളാണ് ഇവിടെ നടന്നുവരുന്നത്.

(13) ഹൈഡൽ ടൂറിസം പദ്ധതി

ശ്രീ. പുരുഷൻ കടലുണ്ടി: ബാണാസുരസാഗർ, കക്കയം, പെരുവണ്ണാമൂഴി എന്നീ പ്രദേശങ്ങളെ കൂട്ടിയിണക്കി ടൂറിസം കോറിഡോർ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ ഡി.പി.ആർ. തയ്യാറാക്കാൻ നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): ബാണാസുരസാഗർ, കക്കയം, പെരുവണ്ണാമൂഴി എന്നീ പ്രദേശങ്ങളെ കൂട്ടിയിണക്കിക്കൊണ്ടുള്ള ടൂറിസം കോറിഡോർ പദ്ധതി കേരള ഹൈഡൽ ടൂറിസം സെന്ററിന്റെ പരിഗണനയിലാണ്. കക്കയത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന ഹൈഡൽ ടൂറിസം പദ്ധതിക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള കൺസോർഷ്യം നൽകുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചെങ്കിലും ചില സാങ്കേതിക ന്യൂനതകളുണ്ടായതിനാൽ റീ-ടെണ്ടർ നടത്താൻ തീരുമാനിച്ചു. നിലവിലുള്ള തടസ്സങ്ങൾ നീക്കി വൈദ്യുതി ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ഫലപ്രദമായ ടൂറിസം പ്രവർത്തനങ്ങൾ നടപ്പാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ 3(1), 3(2), 3(3) ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V ക്രമപ്രശ്നം

(1)ചട്ടങ്ങളുടെ രൂപീകരണം

ശ്രീ. എൻ. ഷംസുദ്ദീൻ: 2015- ലെ എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ആക്ട്, ദേശീയ ഭക്ഷ്യഭദ്രതാ നിയമം, കേരള സംസ്ഥാന യുവജന കമ്മീഷൻ എന്നീ നിയമങ്ങളുടെ ചട്ടങ്ങൾ എത്രയുംവേഗം

രൂപീകരിച്ച് നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കാൻ നിർദ്ദേശം നൽകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 2015 -ലെ എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലാ നിയമത്തിലെ കരട് ചട്ടങ്ങളിൽ കണ്ടെത്തിയ അപാകതകൾ തിരുത്തി കരട് സ്റ്റാറ്റ്യൂട്ട് തയ്യാറാക്കാൻ രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് തയ്യാറാകുന്ന മുറയ്ക്ക് സമയബന്ധിതമായി ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിലെ സെക്ഷൻ 40 (1) (2) പ്രകാരം രൂപീകരിച്ച സമിതി കരട് ചട്ടങ്ങൾ സർക്കാരിന് സമർപ്പിക്കുകയും നിയമ വകുപ്പിന്റെ പരിശോധനയ്ക്കുശേഷം മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചാലുടൻ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതുമാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): 2014 ഫെബ്രുവരി 14-ന് പ്രസിദ്ധീകരിച്ച സംസ്ഥാന യുവജന കമ്മീഷൻ നിയമത്തിന്റെ കരട് ചട്ടങ്ങൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. രണ്ടുമാസത്തിനകം ചട്ടങ്ങൾ രൂപീകരിച്ച് നിയമസഭയിൽ സമർപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(2) ചട്ടങ്ങൾ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിലെ കാലതാമസം

<u>ശ്രീ. എം. ഉമ്മർ</u>: 1994-ൽ കേരള പഞ്ചായത്തീരാജ് ആക്ട്, കേരള മുനിസിപ്പാലിറ്റീസ് ആക്ട് എന്നിവ നിലവിൽ വന്ന് 24 വർഷങ്ങൾക്കുശേഷം 24-01-2018 -ലാണ് ഇതിന്റെ ചട്ടങ്ങൾ രൂപീകരിച്ച് (എസ്. ആർ.ഒ. കൾ 127/11, 82/11 35/11) സഭയുടെ മേശപ്പുറത്ത് വച്ചത്. കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല. കാലവിളംബം കൂടാതെ ചട്ടങ്ങൾ രൂപീകരിച്ച് സഭയുടെ മേശപ്പുറത്ത് വച്ചാൽ മാത്രമേ ജനങ്ങൾക്ക് ഹാനികരമായ വ്യവസ്ഥകൾ ഭേദഗതി ചെയ്യാനോ റദ്ദാക്കാനോ ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം യഥാവിധിയാണോ നിർവ്വഹിച്ചതെന്ന് പരിശോധിക്കാനോ സാധിക്കുകയുള്ളൂ. ഇത്തരത്തിലുള്ള കാലതാമസം നിയമസഭയെ അവഹേളിക്കുന്നതാണ് ഇത് സംബന്ധിച്ച് റൂളിംഗ് നൽകണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>): തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 14-02-2011 - ൽ പ്രസിദ്ധീകരിച്ച കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 2011, 07-06-2011 -ലും 25-01-2011-ൽ പ്രസിദ്ധീകരിച്ച കേരള മുനിസിപ്പാലിറ്റി ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ 23-05-2011- ലും 14-01-2011-ലെ കേരള മുനിസിപ്പാലിറ്റി വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും

ചട്ടങ്ങൾ 12-05-2011-ലും സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി അയച്ചുകൊടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത എസ്. ആർ.ഒ. മേശപ്പുറത്ത് വയ്ക്കുന്നതിനായി ഡിലേ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കണമെന്ന് 12-10-2017-ലെ കത്ത് പ്രകാരം നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും ആവശ്യപ്പെട്ടതനുസരിച്ച് 17-01-2018-ൽ ഡിലേ സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിലാണോ നിയമസഭാ സെക്രട്ടേറിയറ്റിലാണോ കുറ്റകരമായ കാലതാമസമുണ്ടായതെന്ന് പരിശോധിച്ച് റൂളിംഗ് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: ചട്ടം 303 പ്രകാരം ശ്രീ. എൻ. ഷംസുദ്ദീനും ശ്രീ. എം. ഉമ്മറും പ്രസക്തമായ രണ്ട് ക്രമപ്രശ്നങ്ങളാണ് ഉന്നയിച്ചത്. ഈ നിയമസഭാ കാലയളവിൽത്തന്നെ ഒന്നിലേറെ തവണ ഈ വിഷയം ഉന്നയിക്കപ്പെടുകയും റൂളിംഗ് നൽകുകയും ചെയ്തിട്ടുണ്ടെങ്കിലും വീണ്ടും ആവർത്തിക്കുന്നു എന്നതിൽ ചെയർ കടുത്ത അസംതൃപ്തി പ്രകടിപ്പിക്കുന്നു. നിയമങ്ങൾ നിർമ്മിച്ചതിനുശേഷം ചട്ടങ്ങളുണ്ടാക്കുന്നതിൽ വന്ന കാലതാമസം ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. ശ്രീ. എൻ. ഷംസുദ്ദീൻ ഉന്നയിച്ച ക്രമപ്രശ്നം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ നൽകിയ വിശദീകരണം വ്യക്തമാണെങ്കിലും കാലതാമസത്തിന് കാരണം കണ്ടെത്തി ആവശ്യമായ നടപടികൾ സ്വീകരിക്കാൻ

മന്ത്രിമാർക്ക് ഉത്തരവാദിത്വമുണ്ടായിരിക്കണം. സുപ്രധാന ചട്ടങ്ങളുടെ നിർമ്മാണത്തിലെ കാലതാമസം സംബന്ധിച്ച ഒരു വിശദീകരണവും ന്യായീകരിക്കാൻ കഴിയില്ല. ചട്ടങ്ങൾ സമയബന്ധിതമായി തയ്യാറാക്കിയാൽ അവ കരട് രൂപത്തിൽ സബ്ജക്ട് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ച പ്രത്യേക നിയമങ്ങളുടെ കാര്യത്തിലും മറ്റ് നിയമങ്ങളുടെ കാര്യത്തിലുമുള്ള കാലതാമസം ഒഴിവാക്കേണ്ടത് വസ്തുതകളായിരിക്കെ ഇതുസംബന്ധിച്ച് സഭാതലത്തിൽ ആവർത്തിച്ച് ക്രമപ്രശ്നങ്ങൾ ഉയർന്നുവരുന്നത് അഭികാമ്യമല്ല. ഈ സാഹചര്യത്തിൽ ഇവിടെ പരാമർശിക്കപ്പെട്ട നിയമങ്ങളുടെ ചട്ടങ്ങൾ സംബന്ധിച്ച എല്ലാ നടപടികളും ഒരു മാസത്തിനകം പൂർത്തീകരിക്കുകയും അതുസംബന്ധിച്ച റിപ്പോർട്ട് ചെയറിന് ലഭ്യമാക്കുകയും ചെയ്യണം. ആരുടെയെങ്കിലും ഭാഗത്തുനിന്ന് മനഃപൂർവ്വമായ വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ജനുവരി 24-ാം തീയതി സഭയുടെ മേശപ്പുറത്ത് വച്ച ചില SRO കൾ വളരെ കാലപ്പഴക്കം ചെന്നതാണെന്ന് ശ്രീ. എം. ഉമ്മർ ഉന്നയിച്ച ക്രമപ്രശ്നം ചെയർ പരിശോധിച്ചു. 2008, 2011, 2012, 2016 വർഷങ്ങളിലായി പുറപ്പെടുവിച്ച പന്ത്രണ്ടോളം SRO-കൾ വളരെ കാലതാമസം വരുത്തിയാണ് സഭയുടെ മേശപ്പുറത്ത് വച്ചിരിക്കുന്നത്. ഇത് ഏറെ ഗുരുതരവും

അംഗങ്ങളുടെ അവകാശങ്ങൾ ഹനിക്കുന്നതുമായ നടപടിയാണ്. നിയമനിർമ്മാണ പ്രക്രിയയെത്തന്നെ അപഹാസ്യമാക്കുന്ന ഒരവസ്ഥയാണ് സംഭവിച്ചിരിക്കുന്നത്.

സ്റ്റാറ്റ്യൂട്ടറി ഡോക്യുമെന്റുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച് സഭയിൽ വ്യക്തമായ ചട്ടങ്ങളും നടപടിക്രമങ്ങളുമുണ്ടെന്ന് മാത്രമല്ല, ഇവയുടെ സമഗ്ര പരിശോധനയ്ക്കായി നിയമസഭാ സമിതി പ്രവർത്തിച്ചുവരുന്നുമുണ്ട്. എന്നിട്ടും ഇത്രയും കാലതാമസം ഉണ്ടായത് അത്ഭുതാവഹമാണ്. നിയമസഭാ സെക്രട്ടേറിയറ്റിന് ഇക്കാര്യത്തിൽ വീഴ്ചയുണ്ടായിട്ടുണ്ടോയെന്ന് ചെയർ പരിശോധിക്കും. ഏതെങ്കിലും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് മനഃപൂർവ്വമായ വീഴ്ച ഉണ്ടായിട്ടുണ്ടോ എന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുകയും കുറ്റക്കാർക്കെതിരെ യുക്തമായ നടപടികൾ സ്വീകരിക്കുകയും മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

## VI റിപ്പോർട്ട് സമർപ്പണം

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ആറ് മുതൽ പത്ത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## VII ധനകാര്യം

### 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതു ചർച്ച (തുടർച്ച)

ശ്രീ. പി. ഉണ്ണി: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്പർശിച്ചുകൊണ്ടുള്ള ജനക്ഷേമകരമായ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ തീരദേശത്തിന്റെ സമഗ്ര വികസനത്തിനായി രണ്ടായിരം കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചത് സ്വാഗതാർഹമാണ്. സ്ത്രീ സൗഹൃദ ഗ്രാമം പദ്ധതി ഏറ്റെടുക്കുന്ന പഞ്ചായത്തുകൾക്ക് പ്രത്യേക ധനസഹായമായി പത്ത് കോടി രൂപയും ആധുനിക വ്യവസായ മേഖലയിൽ സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് ഇരുപത് കോടി രൂപയും വകയിരുത്തിയത് അഭിനന്ദനാർഹമാണ്. സ്ത്രീകൾക്കായി ഷീ ലോഡ്ജുകളും സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും അർബുദ ചികിത്സാ കേന്ദ്രവും ആരംഭിക്കുമെന്ന പ്രഖ്യാപനം ശ്ലാഘനീയമാണ്. ജനിതക മരുന്നുകളും വ്യക്തിഗത ചികിത്സാ രീതികളും വികസിപ്പിക്കാൻ തിരുവനന്തപുരം ബയോപാർക്കിൽ പുതിയ സംരംഭം ആരംഭിക്കുവാൻ നടപടി സ്വീകരിച്ചു. മലബാർ ക്യാൻസർ സെന്ററിനെ ആർ.സി.സി. നിലവാരത്തിൽ ഉയർത്തുന്നതുൾപ്പെടെ ആരോഗ്യ ചികിത്സാ മേഖലയിൽ കൂടുതൽ പദ്ധതികൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചത്

ഗവൺമെന്റിന്റെ ആരോഗ്യ രംഗത്തുള്ള പ്രതിബദ്ധതയെ സൂചിപ്പിക്കുന്നു. ഓരോ പഞ്ചായത്തിലുമുള്ള മുതിർന്ന പൗരന്മാർക്ക് അർഹിക്കുന്ന പരിഗണന നൽകുന്നതിന് പാലിയേറ്റീവ് നെറ്റ്‌വർക്ക് ഉപയോഗപ്പെടുത്തുന്നതാണ്. സ്ത്രീകളുടെ ഉന്നത വിദ്യാഭ്യാസത്തിന് 789 കോടി രൂപയും പുതുതായി ആരംഭിച്ച അഞ്ച് എഞ്ചിനീയറിംഗ് കോളേജുകൾക്ക് 42 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയ നടപടി പ്രശംസനീയമാണ്. മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ട 138 സ്കൂളുകൾക്ക് ഭരണാനുമതി ലഭ്യമാക്കുകയും കിഫ്ബിയിൽനിന്ന് ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. ആധുനിക കാലത്തിനനുയോജ്യമായ വിദ്യാഭ്യാസം നടപ്പിലാക്കാൻ സാധിച്ചത് ഈ സർക്കാരിന്റെ വലിയ നേട്ടമാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: ബഡ്ജറ്റിനെ എതിർക്കുന്നു. സാമൂഹ്യക്ഷേമ പെൻഷനുകൾ നിബന്ധനകൾക്ക് വിധേയമായി വിതരണം ചെയ്യുന്നത് ശരിയായ നടപടിയല്ല. പെൻഷൻ വാങ്ങുന്ന വ്യക്തിയെ അടിസ്ഥാനപ്പെടുത്തിയായിരിക്കണം വരുമാന പരിധി നിശ്ചയിക്കേണ്ടത്. സമൂഹത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ ബധിര-മൂക കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തുന്നതുസംബന്ധിച്ച് മോണിറ്റർ ചെയ്യുന്നതിനും സർജറി കഴിഞ്ഞ കുട്ടികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

സംസ്ഥാനത്തെ മുഴുവൻ കുട്ടികൾക്കും പ്ലസ് ടു വരെ സൗജന്യ വിദ്യാഭ്യാസം നൽകുന്നതിനും മെന്റലി ചലഞ്ചഡ് ആയിട്ടുള്ള കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ എയ്ഡഡ് ആക്കാനും യു.ഡി.എഫ് ഗവൺമെന്റ് തീരുമാനമെടുത്തെങ്കിലും ഉദ്യോഗസ്ഥ തലങ്ങളിലുണ്ടായ എതിർപ്പിനെത്തുടർന്ന് അത് പ്രാവർത്തികമായില്ല. പാക്ക്ഡ്/ബ്രാന്റഡ് അരിക്ക് ചുമത്തിയിട്ടുള്ള നികുതി ഒഴിവാക്കണം. ഫുഡ് സെക്യൂരിറ്റി ആക്ട് വന്നതോടുകൂടി സംസ്ഥാനത്തെ റേഷൻ വ്യാപാര രംഗത്ത് ഉണ്ടായിട്ടുള്ള പ്രതിസന്ധി തരണം ചെയ്യുന്നതിനും കേന്ദ്രത്തിൽ നിന്നും കേരളത്തിനർഹമായ റേഷൻ വിഹിതം നേടിയെടുക്കുന്നതിനും ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഒറ്റക്കെട്ടായി നിൽക്കേണ്ടതാവശ്യമാണ്. മത്സ്യത്തൊഴിലാളികൾക്ക് പ്രതികൂല സാഹചര്യങ്ങൾ തരണം ചെയ്ത് സുരക്ഷിതരായി തിരിച്ചെത്തുന്നതിന് കേന്ദ്ര-സംസ്ഥാന-സമൂഹ്യ പ്രവർത്തകരുടെ സംയുക്ത സഹായത്തോടെ സുരക്ഷാ സംവിധാനം ഏർപ്പെടുത്തണം. റബ്ബർ കർഷകർക്ക് നൽകിവരുന്ന താങ്ങുവില 200 രൂപയാക്കി വർദ്ധിപ്പിച്ച് യഥാസമയം നൽകുന്നതിന് നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി.യെ പ്രതിസന്ധിയിൽ നിന്നും രക്ഷിക്കുന്നതിനും ജീവനക്കാരുടെ പെൻഷനും പെൻഷൻ കുടിശ്ശികയും കൊടുത്തുതീർക്കുന്നതിനും സ്ഥിരം സംവിധാനം ഏർപ്പെടുത്തണം. പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കാനുള്ള നിലപാടിൽ നിന്നും പിന്തിരിഞ്ഞ് പ്രായോഗിക സമീപനം

സ്വീകരിക്കാൻ തയ്യാറാകണം. സ്പിന്നിംഗ് മില്ലുകൾ നേരിടുന്ന പ്രതിസന്ധി ഒഴിവാക്കുന്നതിന് പ്രത്യേക പാക്കേജ് തയ്യാറാക്കുകയും അടയ്ക്കാകൃഷി മേഖലയ്ക്കായി പ്രഖ്യാപിച്ചിട്ടുള്ള ആംനെസ്റ്റി സ്കീം ഫലപ്രദമായി നടപ്പിലാക്കുകയും വേണം.

ശ്രീ. ജി. എസ്. ജയലാൽ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കോൺഗ്രസിന്റെ സാമ്പത്തികനയ-കോർപ്പറേറ്റ്വത്ക്കരണ സമീപനങ്ങൾക്കെതിരെ ഉറച്ച നിലപാട് സ്വീകരിക്കുന്നതോടൊപ്പം സാമൂഹ്യസുരക്ഷ ഉറപ്പുവരുത്താനും സർക്കാരിന് സാധിച്ചിട്ടുണ്ട്. ലൈഫ് മിഷൻ, ഭക്ഷ്യ സബ്സിഡി, തീരദേശ വികസന പാക്കേജ് തുടങ്ങിയവയ്ക്ക് തുക വകയിരുത്തിയ നടപടി സ്വാഗതാർഹമാണ്. വിദ്യാഭ്യാസം, ആരോഗ്യം, സ്ത്രീ സുരക്ഷ, പരമ്പരാഗത വ്യവസായം എന്നിവയ്ക്കായി സമാനതകളില്ലാത്ത പരിഗണനയാണ് നൽകിയിരിക്കുന്നത്. ചാത്തന്നൂർ സ്പിന്നിംഗ് മില്ലിന്റെ പുനരുദ്ധാരണം, നെടുങ്ങോലം താലൂക്ക് ആശുപത്രിയുടെ വികസനം എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകണം. സാമൂഹ്യക്ഷേമ പെൻഷന്റെ കാര്യത്തിലുള്ള ആശങ്കകൾ പരിഹരിക്കണം. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. ജനപക്ഷ വികസനം ജനപങ്കാളിത്തത്തോടെ എന്ന നയത്തിന്റെ അടിസ്ഥാനത്തിലാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മുന്നോട്ട് പോകുന്നത്.

ശ്രീമതി പി. അയിഷാ പോറ്റി: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. നാനാവിഭാഗം

ജനങ്ങൾക്കും ആശ്വാസം പകരുന്ന ക്ഷേമ ബഡ്ജറ്റാണിത്. സാമൂഹ്യസുരക്ഷാ പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചതും കുടുംബശ്രീ ശാക്തീകരണത്തിന് കൂടുതൽ ഫണ്ട് വകയിരുത്തിയതും അഭിനന്ദനാർഹമാണ്. പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കാൻ 200 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയതും എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ വിദ്യാഭ്യാസത്തിനും മറ്റ് ക്ഷേമ പ്രവർത്തനങ്ങൾക്കും തുക വർദ്ധിപ്പിച്ചതും അഭിനന്ദനാർഹമാണ്. ആധുനിക കാലഘട്ടത്തിന്റെ വെല്ലുവിളികൾ നേരിടുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന കൗൺസിലർമാരുടെ ശമ്പളം വർദ്ധിപ്പിച്ചതോടൊപ്പം അർഹമായ മറ്റാനുകൂല്യങ്ങളും ഏർപ്പെടുത്തണം. അങ്കണവാടി വർക്കർമാർക്ക് യഥാസമയം ശമ്പളം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ആർദ്രം പദ്ധതിയുടെ ഭാഗമായി താലൂക്കാശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ചികിത്സാ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. കൊട്ടാരക്കര മുനിസിപ്പാലിറ്റിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. ആശാവർക്കർമാരുടെ ശമ്പളം വർദ്ധിപ്പിച്ചതും ഹരിത കേരളം പദ്ധതിയുടെ പ്രവർത്തനങ്ങളും അഭിനന്ദനാർഹമാണ്.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. യാഥാർത്ഥ്യങ്ങളുമായി

ബന്ധമില്ലാത ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കടുത്ത വരൾച്ച നേരിടുന്നതിനോ കാർഷിക മേഖലയെ തകർച്ചയിൽ നിന്ന് രക്ഷിക്കുന്നതിനോ യാതൊരു നിർദ്ദേശവും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. അടയ്ക്ക കർഷകർക്ക് ഏർപ്പെടുത്തിയ അധിക നികുതി പുനഃപരിശോധിക്കണം. വിലക്കയറ്റത്താൽ പൊറുതിമുട്ടിയ ജനങ്ങൾക്ക് ആശ്വാസം പകരുന്നതിന് പെട്രോളിയം ഉൽപ്പന്നങ്ങൾക്കുള്ള അധിക നികുതി ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രത്തിന്റെ വർദ്ധിപ്പിച്ച മുദ്രവില പിൻവലിക്കണം. പങ്കാളിത്ത പെൻഷൻ പുനഃപരിശോധിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കാത്ത സർക്കാർ നിയമന നിരോധനം കൂടി കൊണ്ടുവന്നിരിക്കുകയാണ്. സ്മാരകങ്ങൾ നിർമ്മിക്കുന്നതിനുപകരം ജനോപകാരപ്രദമായ പദ്ധതികൾ കൊണ്ടുവരാൻ സർക്കാർ തയ്യാറാകണം. ക്ലാസ് മുറികൾ ഹൈടെക് ആക്കുമെന്നും സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുമെന്നുമുള്ള പ്രഖ്യാപനങ്ങൾ നടപ്പാക്കിയില്ല. സാമൂഹ്യപെൻഷനുള്ള നിയന്ത്രണങ്ങൾ സാമ്പത്തിക മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാക്കണം. ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട അനിശ്ചിതത്വം ഒഴിവാക്കാനും ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട

വാഗ്ദാനങ്ങൾ പാലിക്കാനും ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ പാവപ്പെട്ട രോഗികൾക്ക് ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. ലോക കേരള സഭയുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങളിൽ വ്യക്തതയുണ്ടാകണം. പരപ്പനങ്ങാടി ഫിഷിംഗ് ഹാർബറിന് തുക വകയിരുത്തിയ നടപടി സ്വാഗതാർഹമാണ്. മലപ്പുറം ക്യാൻസർ സെന്ററിനും തിരൂരങ്ങാടി ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിക്കും ഭൂമി ഏറ്റെടുക്കുന്നതിന് തുക വകയിരുത്തണം.

<u>ശ്രീ. സി. കെ. നാണു</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കാനും വിദ്യാഭ്യാസ മേഖലയിൽ പുരോഗതി കൈവരിക്കാനും സാധിച്ചത് സർക്കാരിന്റെ നേട്ടങ്ങളാണ്. സർക്കാർ ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള നടപടി അഭിനന്ദനാർഹമാണ്. ക്യാൻസർ രോഗം വർദ്ധിക്കുന്നത് സംബന്ധിച്ച് പഠനം നടത്തണം. കുടിവെള്ള ലഭ്യത ഉറപ്പുവരുത്താനും തരിശുനിലങ്ങളിൽ കൃഷി ചെയ്യാനുമുള്ള നടപടികൾ പ്രശംസനീയമാണ്. നാട്ടിൻപുറങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും കാടുകൾ സംരക്ഷിക്കുന്നതിനും നടപടിയുണ്ടാകണം. സ്കൂൾ വിദ്യാർത്ഥികൾക്ക് കൈത്തറി യൂണിഫോം നടപ്പാക്കിയതിന്റെ

ഫലമായി കൈത്തറി മേഖലയിൽ ഉണർവുണ്ടാക്കാൻ സാധിച്ചു. വടകര നിയോജകമണ്ഡലത്തിലെ മടപ്പള്ളി സർക്കാർ കോളേജ് നവീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. സി. കെ. ഹരീന്ദ്രൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാന വികസനത്തിനുതകുന്ന ക്ഷേമ ബഡ്ജറ്റാണ് അവതരിപ്പിച്ചത്. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ തീരദേശ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും സാമൂഹ്യക്ഷേമ പദ്ധതികൾക്കുള്ള തുക വെട്ടിക്കുറയ്ക്കാതെ കർശനമായി ചെലവ് ചുരുക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബഡ്ജറ്റിലുണ്ട്. 'ലൈഫ് പാർപ്പിട പദ്ധതി'ക്കായി 2500 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് സമഗ്രമായ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നൽകുകയും ആധുനിക വിദ്യാഭ്യാസം വ്യാപിപ്പിക്കുന്നതിനായി തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ഭാഗ്യക്കുറിയിലൂടെ ലഭിക്കുന്ന വരുമാനം ജീവിതശൈലീ രോഗങ്ങളാൽ ബുദ്ധിമുട്ടുന്നവർക്ക് സൗജന്യ ചികിത്സ നൽകുന്നതിനായി വിനിയോഗിക്കുന്നതിനുള്ള നിർദ്ദേശവും ബഡ്ജറ്റിലുണ്ട്. വനിതാ വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി 14.6 ശതമാനം തുക നീക്കിവച്ചിട്ടുണ്ട്. അയ്യങ്കാളി നഗരപദ്ധതിയിലെ തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനം 300 രൂപയായി ഉയർത്തുന്നതിനും ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി

ബന്ധപ്പെട്ട് 100 ദിവസമെങ്കിലും പണിയെടുത്ത സ്ത്രീ തൊഴിലാളികൾക്ക് നൽകിവരുന്ന ആയിരം രൂപയുടെ ഫെസ്റ്റിവൽ അലവൻസ് എല്ലാ തൊഴിലാളികൾക്കും ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. റോഷി അഗസ്റ്റിൻ : ഒട്ടേറെ സുരക്ഷാ പദ്ധതികൾക്ക് ബഡ്ജറ്റിൽ പണം വകയിരുത്തിയിട്ടുണ്ട്. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ തീരദേശ വികസനത്തിനായി 2000 കോടി രൂപയുടെ പാക്കേജും ഭിന്നശേഷിക്കാരുടെ സുരക്ഷയ്ക്കായി നടത്തിയ പ്രഖ്യാപനങ്ങളും സ്വാഗതാർഹമാണ്. ശാരീരിക ന്യൂനതയുള്ളവരുടെയും ബുദ്ധിവികാസമില്ലാത്തവരുടെയും സംരക്ഷണവും പരിപാലനവും ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കാർഷികമേഖലയുടെ സംരക്ഷണത്തിനാവശ്യമായ നയം രൂപീകരിക്കുകയും പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുകയും വേണം. ഇടുക്കി ജില്ലയ്ക്ക് ഒരു സ്പെഷ്യൽ പാക്കേജ് നടപ്പാക്കുകയും തമിഴ്നാട്ടിലേയ്ക്ക് മാറ്റിയ സ്പൈസസ് ബോർഡിന്റെ ഓക്ഷൻ സെന്റർ ഇടുക്കിയിൽ തന്നെ നിലനിർത്തുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുകയും വേണം. ക്ഷീരകാർഷിക മേഖലയിൽ പണിയെടുക്കുന്നവരുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നൽകിവന്നിരുന്ന ഫണ്ട് ഒരു ലക്ഷം രൂപയായി നിജപ്പെടുത്തിയ നടപടി പുന:പരിശോധിക്കണം. ഒരേക്കറിൽ താഴെ ഭൂമിയുള്ള കർഷകർക്ക് ബി.പി.എൽ.

കുടുംബങ്ങൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നിയമനിർമ്മാണം നടത്തണം.

ശ്രീ. വി. അബ്ദുറഹിമാൻ : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. തീരദേശത്തിനായി പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുകയും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നിലനിർത്തുകയും ഭിന്നശേഷിക്കാർക്കായി നിരവധി പദ്ധതികൾ ആവിഷ്കരിക്കുകയും വിവിധ ആരോഗ്യ പരിപാലന പദ്ധതികൾ പ്രഖ്യാപിക്കുകയും ചെയ്ത ബഡ്ജറ്റാണിത്. വിദ്യാഭ്യാസ പുരോഗതിക്കും സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. 2000 കോടി രൂപയുടെ തീരദേശ പാക്കേജ് പ്രഖ്യാപിച്ചത് അഭിനന്ദനാർഹമാണ്. തീര സുരക്ഷയ്ക്കായുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കണം. പൊതുമരാമത്ത് വകുപ്പിനെ അഴിമതിവിമുക്തമാക്കാനുള്ള ശ്രമങ്ങൾക്ക് പൂർണ്ണ പിന്തുണ നൽകുന്നു. കക്ഷി രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാ നിയോജകമണ്ഡലങ്ങളിലും പദ്ധതികൾ അനുവദിച്ചത് സ്വാഗതാർഹമാണ്.

ശ്രീ. അനൂപ് ജേക്കബ്: ബഡ്ജറ്റിനെ എതിർക്കുന്നു. ബഡ്ജറ്റിൽ റബ്ബർ കർഷകരെ പൂർണ്ണമായി അവഗണിച്ചിരിക്കുകയാണ്. റബ്ബറിന്റെ അടിസ്ഥാന വില വർദ്ധിപ്പിക്കാനും കർഷകർക്ക് ആശ്വാസകരമായ പദ്ധതികൾ പ്രഖ്യാപിക്കാനും നടപടി സ്വീകരിക്കണം. കൺസ്യൂമർഫെഡ്ഡിനും സപ്ലൈകോയ്ക്കും കൂടുതൽ തുക

അനുവദിക്കണം. ഭൂമിയുടെ ന്യായവില വർദ്ധിപ്പിക്കാനും ഭാഗാധാരത്തിന് 0.2 ശതമാനം നികുതി ഏർപ്പെടുത്താനുമുള്ള തീരുമാനം പിൻവലിക്കണം. വിദ്യാഭ്യാസ വായ്പ ലഭ്യമാക്കുന്നതിലുള്ള നടപടി ലഘൂകരിക്കുകയും വായ്പാതിരിച്ചടവ് പദ്ധതി ഫലപ്രദമായി നടപ്പാക്കുകയും ചെയ്യണം. ആമ്പല്ലൂർ ഹാർഡ്‌വെയർ പാർക്കിന്റെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തണം. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കണം.

ശ്രീ. കെ. ആൻസലൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. വികസനപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും സ്ത്രീകൾക്കും ഭിന്നശേഷിക്കാർക്കും പ്രവാസികൾക്കും അർഹമായ പരിഗണന നൽകിയിട്ടുണ്ട്. തീരദേശ സുരക്ഷാ പാക്കേജ് പ്രഖ്യാപനം ഈ മേഖലയോടുള്ള സർക്കാരിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നു. കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിനും പെൻഷനും ശമ്പളവും കുടിശ്ശികയുൾപ്പെടെ കൊടുത്തുതീർക്കുന്നതിനുമുള്ള ഇടപെടലുകൾ നടത്തുന്നത് സ്വാഗതാർഹമാണ്. പൊതുമരാമത്ത് വകുപ്പിനെ അഴിമതിവിമുക്തമാക്കാനുള്ള ശ്രമങ്ങളെ പിന്തുണയ്ക്കുന്നു. പൊഴിയൂർ കേന്ദ്രീകരിച്ച് ഫിഷിംഗ് ഹാർബർ ആരംഭിക്കണം. നെയ്യാറ്റിൻകരയിൽ ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതോടൊപ്പം യാത്രാക്ലേശം പരിഹരിക്കുന്നതിന് കൂടുതൽ

കെ.എസ്.ആർ.ടി.സി. ബസ്സുകളും അനുവദിക്കണം.

<u>ശ്രീ. എ. എൻ. ഷംസീർ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ആദിവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും അർഹമായ പ്രാധാന്യം ഈ ബഡ്ജറ്റിലൂടെ നൽകിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കാനുള്ള നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചതെങ്കിൽ പൂർണ്ണമായും ലാഭത്തിലാക്കാനുള്ള പ്രഖ്യാപനങ്ങളാണ് സംസ്ഥാന ഗവൺമെന്റ് നടത്തിയിട്ടുള്ളത്. കയർ, കശുവണ്ടി, കൈത്തറി മേഖലകൾക്ക് തുക വകയിരുത്തിയത് സ്വാഗതാർഹമാണ്. ബീഡിത്തൊഴിലാളികൾക്ക് അർഹമായ പ്രാതിനിധ്യം നൽകണം. ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനും ട്രാൻസ്ജെൻഡർ സമൂഹത്തോടുള്ള വിവേചനം അവസാനിപ്പിക്കുന്നതിനും അവരെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനുമായി ഒട്ടേറെ നടപടികൾ സ്വീകരിച്ചത് സ്വാഗതാർഹമാണ്. മാലിന്യങ്ങൾ ശേഖരിക്കുന്നതിനും വേർതിരിക്കുന്നതിനും വീടുകളിൽനിന്നും കടകളിൽനിന്നും യൂസർഫീ വാങ്ങി പ്രവർത്തിക്കുന്ന ഹരിത കർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് ഏർപ്പെടുത്തിയത് പ്രശംസനീയമാണ്.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: ബഡ്ജറ്റിനെ എതിർക്കുന്നു. കിഫ്ബിയിലൂടെ നിരവധി പദ്ധതികൾ പ്രഖ്യാപിച്ചുവെങ്കിലും 300 കോടി രൂപയുടെ പദ്ധതികൾ മാത്രമാണ് ആരംഭിക്കാൻ കഴിഞ്ഞിട്ടുള്ളത്. പ്രവാസികൾ നാട്ടിലേയ്ക്ക്

തിരിച്ചുവന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കെ.എസ്.എഫ്.ഇ. ചിട്ടികളിലൂടെ 5000 കോടി രൂപ സമാഹരിക്കുമെന്ന പ്രഖ്യാപനം തിരുത്തേണ്ടതാണ്. സ്ത്രീ സുരക്ഷയ്ക്കായി 2016-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച വുമെൻ ആന്റ് ചൈൽഡ് ഡെവലപ്മെന്റ് വകുപ്പിനുവേണ്ടി തുക വകയിരുത്തുകയും തസ്തിക സൃഷ്ടിക്കുകയും വേണം. യുവാക്കൾക്കുവേണ്ടി ഒരു പദ്ധതിയും പ്രഖ്യാപിച്ചിട്ടില്ല. റബറിന്റെ താങ്ങുവില, സബ്സിഡി, വിഴിഞ്ഞം പദ്ധതി, ലൈറ്റ് മെട്രോ പദ്ധതി എന്നിവയെപ്പറ്റി ഒന്നും പ്രതിപാദിച്ചിട്ടില്ല. യു.ഡി.എഫ്. സർക്കാർ സാമൂഹ്യക്ഷേമ പെൻഷനും തുക കൈപ്പറ്റുന്നവരുടെ എണ്ണവും വർദ്ധിപ്പിച്ചുവെങ്കിലും ഈ ഭരണകാലത്ത് ഒരാൾക്കുപോലും പുതുതായി പെൻഷൻ നൽകാനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

<u>ശ്രീ. ബി. സത്യൻ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. തുല്യനീതി നിഷേധിക്കപ്പെട്ടവർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും സ്ത്രീ സമൂഹത്തിനും ട്രാൻസ്ജെൻഡേഴ്സിനും, ഭിന്നശേഷിക്കാർക്കും അർഹമായ പ്രാതിനിധ്യം ബഡ്ജിലൂടെ നൽകിയിട്ടുണ്ട്. ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ യോഗ്യതയുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ ശാന്തിക്കാരായി നിയമിച്ച നടപടി പ്രശംസനീയമാണ്. അനർഹരെ ഒഴിവാക്കി ക്ഷേമ പെൻഷൻ വിതരണം ചെയ്യുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. പട്ടികജാതി-പട്ടികവർഗ്ഗ

വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിനും പി.എസ്.സി. മുഖേന സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി തൊഴിൽ ലഭ്യമാക്കുന്നതിനും ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്.

ഡോ. എൻ. ജയരാജ്: സാമൂഹ്യ സുരക്ഷ മുൻനിർത്തിയും ദുരന്ത പ്രതിരോധത്തിനും സ്ത്രീസുരക്ഷയ്ക്കും ഊന്നൽ നൽകിക്കൊണ്ടുമുള്ള ബഡ്ജറ്റാണിത്. വിദ്യാഭ്യാസ- ആരോഗ്യ രംഗങ്ങളിൽ ഗുണപരമായ മാറ്റങ്ങൾ വരുത്താനുതകുന്ന ഒട്ടേറെ പദ്ധതികൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. റബ്ബർ വിലസ്ഥിരതാ ഫണ്ടുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഭൂനികുതിയിൽ ഏർപ്പെടുത്തിയ വർദ്ധന പിൻവലിക്കുന്നതിനും നടപടി സ്വീകരിക്കണം. എം.എൽ.എ. ഫണ്ട് രണ്ട് കോടി രൂപയായും ആസ്തി വികസന ഫണ്ട് 7.5 കോടി രൂപയായും വർദ്ധിപ്പിക്കണം. ഓൺഗോയിംഗ് കുടിവെള്ള പദ്ധതികൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കി കാലതാമസമില്ലാതെ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. സി. ദിവാകരൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങളെ ജീവിതത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും സാമൂഹ്യ സുരക്ഷാ നടപടികൾക്ക് മുൻതൂക്കം കൊടുക്കുന്ന

നയസമീപനങ്ങളും അടങ്ങുന്ന ബഡ്ജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. സ്ത്രീസുരക്ഷയ്ക്ക് ബഡ്ജറ്റിൽ മുൻഗണന നൽകിയതും വിശപ്പ് രഹിത കേരളം പദ്ധതിക്കും ആരോഗ്യ മേഖലയ്ക്കും കൂടുതൽ ഫണ്ട് അനുവദിച്ചതും പ്രശംസനീയമാണ്. ക്ഷേമ പെൻഷനുകൾ അനുവദിക്കുന്നതിന് നിബന്ധന ഏർപ്പെടുത്തുമെന്ന നിലപാട് പുനഃപരിശോധിക്കണം. റബ്ബർ കർഷകരെ സഹായിക്കുന്നതിനും നെടുമങ്ങാട് കേന്ദ്രീകരിച്ച് ഒരു പുതിയ  വ്യവസായ കേന്ദ്രം ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പി. ഉബൈദുള്ള: ബഡ്ജറ്റിനെ എതിർക്കുന്നു. കേര കർഷകരെ സഹായിക്കുന്നതിനായി കൊണ്ടുവന്ന നീര പദ്ധതിയെക്കുറിച്ച് യാതൊരു പരാമർശവും ബഡ്ജറ്റിലില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ റബ്ബർ കർഷകരെ അവഗണിച്ചിരിക്കുകയാണ്. അടയ്ക്ക വ്യാപാരികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. എഞ്ചിനീയറിംഗ് ബിരുദധാരികൾ ഉൾപ്പെടെയുള്ള ചെറുപ്പക്കാരായ തൊഴിൽരഹിതരെ സംബന്ധിച്ച് യാതൊന്നും ബഡ്ജറ്റിൽ പ്രതിപാദിക്കുന്നില്ല. തിരിച്ചെത്തുന്ന പ്രവാസികൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനായി ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്താത്തത് ഖേദകരമാണ്. രൂക്ഷമായ വിലക്കയറ്റം തടയുന്നതിനും പെട്രോൾ-ഡീസൽ വില വർദ്ധിക്കുന്ന സാഹചര്യങ്ങളിൽ ആശ്വാസ നടപടി സ്വീകരിക്കാത്തതും

പ്രതിഷേധാർഹമാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും അടിയന്തിരമായി നിയമിക്കുന്നതിനും മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് യാഥാർത്ഥ്യമാക്കുന്നതിനും ജില്ലാ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ അടിയന്തരമായി ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. സാമൂഹ്യക്ഷേമ പെൻഷനുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നില്ല. 1200 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീടുള്ളവരും നാലുചക്ര വാഹനമുള്ളവരും സാമൂഹ്യക്ഷേമ പെൻഷന് അപേക്ഷിക്കാൻ പാടില്ലെന്ന തീരുമാനം പുന:പരിശോധിക്കണം. കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാൻ സഹകരണ ബാങ്കിനെ ആശ്രയിക്കാതെ മറ്റ് മാർഗ്ഗങ്ങൾ കണ്ടെത്തണം. എം.എൽ.എ.-മാർ നിർദ്ദേശിച്ച 50 വർക്കുകൾക്ക് 100 രൂപയുടെ ടോക്കൺ എമൗണ്ട് ബഡ്ജറ്റിൽ വകയിരുത്തിയത് ശരിയായ നടപടിയല്ല. മലപ്പുറം നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം നേരിടുന്ന പഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കാനുള്ള സംവിധാനമുണ്ടാക്കണം.

<u>ശ്രീ. യു. ആർ. പ്രദീപ് </u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സാമ്പത്തിക പരാധീനതകൾക്കിടയിലും കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ തുക അനുവദിച്ച നടപടി സ്വാഗതാർഹമാണ്. ബഡ്ജറ്റ് വിഹിതത്തിന് പുറമേ കിഫ്ബിയിൽനിന്നും 54000 കോടിയോളം രൂപ കേരളത്തിന്റെ വികസന

പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാൻ സാധിച്ചിട്ടുണ്ട്. ആർദ്രം മിഷന്റെ ഭാഗമായി ഗ്രാമപ്രദേശങ്ങളിലെ ആശുപത്രികളുടെ നിലവാരം മെച്ചപ്പെടുത്തുകയും ആവശ്യത്തിന് ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കുകയും ചെയ്തത് അഭിനന്ദനാർഹമാണ്. ഹരിത കേരളം പദ്ധതിയുടെ ഭാഗമായി കുളം, തോട്, പുഴ എന്നിവ നവീകരിക്കുന്നതിലൂടെ കാർഷിക രംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കാൻ സാധിക്കും. ലൈഫ് പദ്ധതിയിലൂടെ പാവപ്പെട്ടവർക്ക് വീട് നൽകാനുള്ള തീരുമാനം സ്വാഗതാർഹമാണ്. 45000 ക്ലാസ് റൂമുകൾ സ്മാർട്ട് ക്ലാസ്റൂമുകളാക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. സ്ത്രീ പങ്കാളിത്തമുള്ള പദ്ധതികൾക്കായി 1960 കോടി രൂപയും കെ.എസ്.ആർ.ടി.സി.-യെ സഹായിക്കാൻ ഒന്നാം ഘട്ടമായി 1000 കോടി രൂപയും കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലയ്ക്ക് ആവശ്യമായ തുക അനുവദിച്ചതും ശ്ലാഘനീയമാണ്. റബ്ബറിന്റെ താങ്ങുവിലയിൽ കാലാനുസൃതമായി മാറ്റം വരുത്താനും ചേലക്കര മണ്ഡലത്തിൽ കുടിവെള്ളപദ്ധതിയും ഫയർ സ്റ്റേഷനും അനുവദിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. റോജി എം. ജോൺ: ബഡ്ജറ്റിനെ എതിർക്കുന്നു. കേരളത്തിന്റെ പൊതുകടം രണ്ടുവർഷത്തിനകം 53419 കോടി രൂപ വർദ്ധിച്ചുവെങ്കിലും അടിസ്ഥാന വികസനമേഖലയിലോ മറ്റു മേഖലകളിലോ യാതൊരു പുരോഗതിയുമുണ്ടായിട്ടില്ല. സംസ്ഥാനം നേരിടുന്ന കാതലായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള

ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ബഡ്ജറ്റിലില്ല. സംസ്ഥാന റോഡുകളുടെ നവീകരണത്തിനായി പൊതുമരാമത്ത് വകുപ്പിന് കൂടുതൽ ഫണ്ട് അനുവദിക്കണം. പഞ്ചായത്തുകളിൽ പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ ജീവനക്കാരെ നിയമിക്കണം. എല്ലാ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന പ്രഖ്യാപനം പുന:പരിശോധിക്കണം.

ശ്രീ. എ. എം. ആരിഫ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഔഷധ സസ്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ഹോർത്തൂസ് മലബാറിക്കസ് ഇൻഡിക്ക-യുടെ രചയിതാക്കളിലൊരാളായ റ്റി. അച്യുതൻ വൈദ്യർക്ക് സ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടിയുണ്ടാകണം. ഒരു ബ്ലോക്കിൽ ഒരു സി.എച്ച്.സി. എങ്കിലും 24 മണിക്കൂറും പ്രവർത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. അരൂർ മണ്ഡലത്തിലെ സംസ്കൃത സർവ്വകലാശാലയുടെ സബ്സെന്ററിന് ഫണ്ട് അനുവദിക്കണം. അടയ്ക്കാ കർഷകർക്ക് അധിക ബാധ്യത വരാത്ത വിധം നികുതി സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. 45000 ക്ലാസ്സ്മുറികൾ ഹൈടെക് ആക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. തീരദേശ വികസനത്തിനായി 2000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ച നടപടി പ്രശംസനീയമാണ്. പശ്ചാത്തല വികസനരംഗത്ത് കിഫ്ബി തുടങ്ങിവച്ച പ്രവർത്തനങ്ങൾ പൂർത്തീകരിക്കപ്പെടുന്നതോടുകൂടി കേരളത്തിന്റെ വികസന രംഗത്ത് വലിയ

മാറ്റങ്ങളുണ്ടാകും.

## VIII അറിയിപ്പ്

മി. സ്പീക്കർ: കേരള നിയമസഭയുടെ പാർലമെന്ററി പഠന പരിശീലന കേന്ദ്രത്തിന്റെയും കേരള പത്രപ്രവർത്തക യൂണിയൻ തിരുവനന്തപുരം ജില്ലാകമ്മിറ്റിയുടെയും ആഭിമുഖ്യത്തിൽ സഭാ സമ്മേളനത്തിനുശേഷം ബാങ്ക്വറ്റ് ഹാളിൽ വച്ച് 'കേരളത്തിന്റെ സമ്പദ്ഘടന ജി.എസ്.ടി.-ക്കുശേഷം' എന്ന വിഷയത്തിൽ ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് പ്രഭാഷണം നടത്തുന്നതാണ്. എല്ലാ നിയമസഭാംഗങ്ങളും പരിപാടിയിൽ പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

സഭ വൈകുന്നേരം 4.13 ന് പിരിഞ്ഞു.